SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

# യേശുവിന്റെ ജീവവചനം

YESUVINTE JEEVAVACHANAM

Date of Publications : 25.03.2024
RNI Reg. No. KERMAL/2012/42077

PRICE:25/- VOL.NO:11 ISSUE NO:11 MARCH 2024 ANNUAL SUBSCRIPTION Rs. 100/-

## സത്യം പബ്ലിക്കേഷൻസ് ന്യൂഡൽഹി ബുക്ക് ഫെയർ

**ന്യൂഡൽഹി** : 2024 ഏപ്രിൽ 8 മുതൽ 14 വരെ ന്യൂഡൽഹി ആൽഫാ ഗാർഡനിൽ വെച്ചു (Alpha Garden opp. B.I. Kapoor Hospital Gate No.1, Metro Pillas No. 136 ) വെച്ചു നടക്കും. ദ്വിഭാഷാ ബൈബിളുകൾ, കമന്ററികൾ, റഫറൻസ് ബൈബിളുകൾ, ബൈബിൾ ഡിക്ക്ഷനറികൾ, തുടങ്ങി നിരവധി ക്രിസ്തീയ പുസ്തകങ്ങളുടെ വലിയ ശേഖരം ബുക്ക്ഫെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുസ്തകങ്ങൾക്ക് 70% വരെ ഡിസ്ക്കൗണ്ട് ഉണ്ടായിരിക്കുന്നതാണ്. വേദ പഠിതാക്കൾക്കും ശുശ്രൂഷകൻമാർക്കും ഒരേ പോലെ പ്രയോജനപ്പെടുന്ന പുസ്തകങ്ങളുടെ ആമൂല്യ ശേഖരം ബുക്ക് ഫെയറിന്റെ പ്രത്യേകതയാണ്.

ഹിന്ദി-ഇംഗ്ലീഷ് ദ്വിഭാഷാ ബൈബിൾളിന്റെ പ്രീ-ബുക്കിംഗ് ഈ പുസ്തക മേളയിൽ ചെയ്യാവുന്നതാണ്. ബൈബിളിന്റെ 400 ൽ പരം പരിഭാഷകൾ, വിവിധ കമന്ററികൾ, മഹാരഥന്മാരുടെ ജിവചരിത്രം, ബൈബിൾ വിജ്ഞാനകോശം തുടങ്ങിവ പരിചയപ്പെടുവാനും സ്വന്തമാക്കുവാനുമുള്ള സുവർണ്ണാവസരമാണിത്. ലൈഫ് ആപ്ലിക്കേഷൻ NIV പഠന വേദപുസ്തകം, ഇൻഡക്ടീവ് സ്റ്റഡി ബൈബിൾ, എക്സ്പോസിറ്ററി സ്റ്റഡി ബൈബിൾ, ജെറമിയ സ്റ്റഡി ബൈബിൾ, NKJV സ്റ്റഡി ബൈ ബിൾ, ലൂഥറൻ ബൈബിൾ, ടീൻസ് സ്റ്റഡി ബൈബിൾ സെറൻഡിപിറ്റി ബൈബിൾ ഫോർ സ്റ്റഡി ഗ്രൂപ്പ് (NIV) ഹാർപ്പർ കോളിൻസ് സ്റ്റഡി ബൈബിൾ തുടങ്ങി പഠനത്തിനാവശ്യമായ ബൈബിളുകൾ വായനക്കാർക്ക് ലഭ്യമാണ്.

**കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക: 9446513555**

## സൗത്ത്‌വെസ്റ്റ് ബ്രദറൺ കോൺഫറൻസ് ജൂൺ 14 മുതൽ

**ഡെന്റൺ:** സൗത്ത് വെസ്റ്റ് ബ്രദറൺ കോൺഫറൻസിന്റെ 2024-ലെ സമ്മേളനം ജൂൺ 14 മുതൽ 16 വരെ ക്യാമ്പ് കോപസ്, ഡെന്റൺ, ടെക്സാസിൽ വെച്ചു നടത്തപ്പെടുന്നു. “എത്ര മധുരമുള്ള ശബ്ദം: ക്രിസ്തുവിന്റെ വിളി” എന്ന തീം ആസ്പദമാക്കി നടക്കുന്ന കോൺഫറൻസിലേക്ക് ഏവരേയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. ഇവാ. റോയ് മാത്യു, ബ്രദർ തോമസ് സ്കെതലിച്ച്, ഡോ. ഗ്രേസൻ ജോർജ്ജ്, ബ്രദർ ജെറി മോഡിയിൽ തുടങ്ങിയവരാണ് ഈ വർഷത്തെ കോൺഫറൻസിലെ മുഖ്യ പ്രഭാഷകർ.

സൗത്ത് വെസ്റ്റ് ബ്രദറൺ സഭകളുടെ വളരെ പ്രമുഖമായ ഈ കോൺഫറൻസ് വ്യത്യസ്തത പുലർത്തുന്നതാണ്. സമകാലീക ചർച്ചകൾ, പരിചയ സമ്പന്നരാൽ നയിക്കപ്പെടുന്ന സെമിനാറുകൾ, യുവജനങ്ങൾക്കായും കുട്ടികൾക്കുമായി പ്രത്യേകം സെഷനുകൾ, ആത്മീയ ഉണർവിനായി സംഗീത പരിപാടികൾ, വ്യക്തിഗത പ്രതിഭകളെ കണ്ടെത്താനും അവരെ പ്രോത്സാഹിപ്പിക്കാനുമുള്ള അവസരങ്ങൾ അറിവു പകരുന്ന വിവിധ ക്ലാസ്സുകൾ, ചോദ്യോത്തര വേളകൾ, കൂട്ടായ്മയ്ക്കായുള്ള പ്രത്യകേ സമയം എന്നിവ കോൺഫറൻസിൽ ഉണ്ടായിരിക്കുന്നതാണ്.

## പീഡനഭൂമിയിൽ നിന്ന് സത്യം മിനിസ്ട്രീസിലേക്ക്

**മണിപ്പൂർ :** അനേകം സുവിശേഷകന്മാർക്കും നിരപരാധികളായ വിശ്വാസികൾക്കും ജീവൻ ബലിയർപ്പിക്കേണ്ടി വന്ന മണിപ്പൂരിൽ നിന്നും ജീവിക്കുന്ന രക്തസാക്ഷികളെന്നോണം, പീഡനങ്ങൾ കണ്ടും കേട്ടും അറിഞ്ഞും, അതിനെ തരണം ചെയ്ത ഒരു കൂട്ടം വിദ്യാർത്ഥികൾ, ഞങ്ങൾക്കു ജീവിക്കണം ഞങ്ങൾ മറ്റുള്ളവർക്കു പ്രയോജനപ്പെടണം എന്നുള്ള ആഗ്രഹത്തോടും തീരുമാനത്തോടും കൂടെ സത്യം മിനിസ്ട്രീസിലേക്കു എത്തുകയാണ്. മാതാപിതാക്കൾ നഷ്ടപ്പെട്ടവരും സഹോദരി സഹോദൻമാർ നഷ്ടപ്പെട്ടവരും ഉറ്റവർ എവിടെയെന്നറിയാത്തവരും ഈ കൂട്ടത്തിലുണ്ട്. മറ്റു സംസ്ഥാനങ്ങളിലെന്നപോലെ തന്നെ മണിപ്പൂരിലും ജനങ്ങളുടെ ജീവസന്ധാരണത്തിനും വിദ്യാർത്ഥികളുടെ പഠനത്തിനും സത്യം മിനിസ്ട്രീസ് സ്തുത്യർഹമായ സേവനങ്ങൾ നടത്തിയിട്ടുണ്ട്. തുടർന്നും ഈ വിദ്യാർത്ഥികളിലൂടെ ആവശ്യമായ സ്ഥലത്ത് ആവശ്യമായ സേവനങ്ങൾ എത്തിക്കുവാൻ തയ്യാറെടുത്തകൊണ്ടിരിക്കുന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങൾ ആവശ്യമായ ഓരോ സ്ഥലത്തും എത്തിക്കുന്നതിന് ആവശ്യമായ എല്ലാ ഉപാധികളും ഉപയോഗിച്ചുവരും ദിനങ്ങളിൽ ഇവരെ പ്രാപ്തരാക്കുന്നതിനു സത്യം മിനിസ്ട്രീസ് പ്രതിജ്ഞാബദ്ധരാണ്. ക്രിസ്തുവിന്റെ സ്നേഹം പ്രായോഗിക തലത്തിൽ എത്തിക്കുന്നതിനും അതിലൂടെ ഒരു സമൂഹത്തെ നന്മയുടെ പ്രതീകമായി വാർത്തെടുക്കുന്നതിനും സത്യം മിനിസ്ട്രീസ് സമർപ്പിതരാണ്.

## വൈ. എം. ഇ. എഫ് മലബാർ ബൈബിൾ ക്യാമ്പ്

**വയനാട്:** 2024 ഏപ്രിൽ 17 മുതൽ 19 വരെ കൊയിലേരിടാബോൾ ഹിൽ കോൺഫറൻസ് ഹാളിൽ വെച്ച് വൈ എം. ഇ. എഫ് ബൈബിൾ ക്യാമ്പ് നടത്തപ്പെടുന്നതാണ്. വചന മാരിയുടെ ഈ മൂന്നു ദിനങ്ങളിൽ സുവി. ചാണ്ടപ്പിള്ള ഫിലിപ്പ് മുഖ്യാതിഥി ആയിരിക്കും.
**കൂടുതൽ വിവരങ്ങൾ : 9446616207**




## ഐ. ബി. എഫ് കോൺഫറൻസ് ജൂലൈയിൽ

**മരിയോൺ:** ഈ വർഷത്തെ Indian Brethen Family Conference ജൂലൈ ബുധൻ മുതൽ ജൂലൈ 7 ഞായർ വരെ മരിയോൺ ഇന്ത്യാന വെസ്ലിയൻ യൂണിവേഴ്സിറ്റിയിൽ നടക്കും. യോഹന്നാൻ 8:31-32 എന്ന വചനത്തെ ആധാരമാക്കി “ശിഷ്യത്വം” എന്നതാണ് ഈ വർഷത്തെ കോൺഫറൻസിന്റെ തീം. ബ്രദർ വിജി റോബാർട്ട് (കാനഡ), ബ്രദർ തോമസ് രാജൻ (ഡാളസ്) ബ്രദർ ജോൺ ഗ്ലോക്ക് (ഡുബൂക്ക്) എന്നിവരായിയിരിക്കം മുഖ്യപ്രഭാഷകർ.പുരുഷന്മാർക്കായി ഫെലോഷിപ്പ് മീറ്റിങ്ങുകൾ, വനിതാ കൂട്ടായ്മ യോഗം, കുട്ടികൾക്കായി വി. ബി. എസ്. യുവജന ക്ലാസുകൾ, പ്ലീനറി സെഷനുകൾ എന്നിവയും കോൺഫറൻസിന്റെ ഭാഗമായി നടക്കും.മെയ് മാസം മുതലാണ് കോൺഫറൻസിലേക്ക് രജിസ്ട്രേഷൻ ആരംഭിക്കുന്നത്.

SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

*ഡോ. സി.വി. വടവന*
(ചീഫ് എഡിറ്റർ)
*ഇ.എസ്. റെജി*
(സബ് എഡിറ്റർ)
*ഐസക്ക് സി. വടവന*
(മാനേജിംഗ് എഡിറ്റേഴ്സ്)
*ജസ്റ്റിൻ സി. വടവന*
(സർക്കുലേഷൻ മാനേജർ)

**പത്രാധിപ സമിതി**

*എ. വി. ജോൺ*
*ജിജോ അങ്കമാലി*
*ഡോ. സണ്ണി എഴുമറ്റൂർ*
*എൽസി ബേബി*

**ജീവവചനം**

*ഏറ്റവും പ്രചാരമുള്ള*
*ബ്രദറൺ വാർത്താ മാസിക*
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ
1000 രൂപ
USA $ 150
മറ്റു രാജ്യങ്ങൾ 5000 രൂപ

**വിലാസം**

**ജീവവചനം**
**സത്യം മിനിസ്ട്രീസ്**
**തോട്ടഭാഗം പി.ഒ.**
**തിരുവല്ല - 689541**
**ഫോൺ: 9447126182**

**USA**
Sathyam Ministries Intl.
1024 S MAIN ST, CORONA,
CALIFORNIA, 92882
UNITED STATES
PHONE:+1 951 751 6860

**AUSTRALIA**
Sathyam Publications
2 Reginald Ave
Arana Hills
4054 Australia
Phone : +61 424877742
Email:
admin@sathyamministry.org

**UAE**
Sathyam Publications
SPC Free Zone, E311,
Sheikh Mohammed Bin
Zayed Rd, Al Zahia,
Sharjah, U.A.E.
PHONE: 971 5047 650 10

EDITORIAL

# ജനാധിപത്യം അപകടത്തിലോ?

## ബ്രദർ സി.വി. വടവന



**വീ**ണ്ടും നമ്മൾ ജനാധിപത്യ അവകാശം നിശ്ചയിക്കാൻ പോവുകയാണ്. ആശങ്കകൾക്കു നടുവിലാണ് രാജ്യം. രാഷ്ട്രീയ പാർട്ടികളുടെ കോലാഹലങ്ങളും പോർവിളികളും നാം അനുദിനം അനുഭവിച്ചുകൊണ്ടിരിക്കുന്നു. ദീർഘ വർഷങ്ങളിലെ സ്വാതന്ത്ര്യ പ്രാപ്തി ഇന്നും യാഥാർത്ഥ സ്വാതന്ത്ര്യം അകലെ നിർത്തുന്നു. മതസ്വാതന്ത്ര്യം ചോദ്യം ചെയ്യപ്പെട്ടു തുടങ്ങി. ന്യൂനപക്ഷങ്ങളുടെ ആശങ്കകൾ ഏറ്റം വർദ്ധിച്ചിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം വോട്ടവകാശം വിനിയോഗിക്കാൻ ഒരുമ്പെടുക്കുന്നത്. സ്വാതന്ത്ര്യം മുൾമുനയിലായിക്കൊണ്ടിയിരുന്നു. ആരാധനായ്ക്കായി വിശ്വാസികൾ പണിതുയർത്തിയ സഭാഹാളുകൾ ബലമായി അടയ്ക്കപ്പെടുന്നു. വർഗ്ഗീയ വിദ്വേഷം എന്നത്തേക്കാളുമുപരി വ്യാപിച്ചുകൊണ്ടിരിക്കുന്നു.

ഇത്തരുണത്തിൽ ആർക്കു വോട്ടു ചെയ്യണം എന്നതു ചോദ്യചിഹ്നനമായി ഭവിക്കുന്നു. ദീർഘവർഷങ്ങൾ ഭാരതത്തെ നയിച്ച രാഷ്ട്രീപാർട്ടികൾ കട്ടു മുടിച്ചു ഭാരതത്തിന്റെ വളർച്ച തടഞ്ഞു. വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഇന്നിന്റെ ഭരണമോ ന്യൂനപക്ഷങ്ങളുടെ ആശങ്കകൾക്ക് ആഴം കൂട്ടുന്നു. നമ്മുടെ രാജ്യം ഇരുട്ടിന്റെ ആഴത്തിലുടെ നീങ്ങുകയാണോ? സ്വാതന്ത്ര്യം അപകടത്തിൽ ചെന്നെത്തിയിരിക്കുന്ന സ്ഥിതി വിശേഷത്തിൽ പൗരൻ പകച്ചുനില്ക്കുകയല്ലാതെ തരമില്ല. കൊല്ലും കൊലയും ഇന്നത്തെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ മുഖമുദ്രയായി മാറിയിരിക്കുന്നു. മൂല്യ ശോഷണം, വന്ന രാഷ്ട്രീയ ശൈലികൾ താണ്ഡവ നൃത്തമാടുമ്പോൾ സമാധാന കാംക്ഷികൾ എന്തു ചെയ്യണമെന്നറിയാതെ പകച്ചു നില്ക്കുന്നു. വോട്ടിനു വേണ്ടി അന്നം കാട്ടി പ്രീണിപ്പിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ ശൈലി ചോദ്യം ചെയ്യപ്പെടേണ്ടതല്ലയോ?

ദൈവമക്കളെ സംബന്ധിച്ചു തിരുത്തൽ രേഖപ്പെടുത്താനുള്ള അവസരം കൂടിയാണ് നമ്മുടെ വോട്ടവകാശം. ബുദ്ധിപൂർവ്വം അതു വിനിയോഗിച്ചില്ലെങ്കിൽ അപകടം ആസന്നമാണ്. ക്രൈസ്തവ സമൂഹം ഇന്നു നേരിടുന്ന വെല്ലുവിളികൾ ആശങ്കാജനകമാണ്. നമ്മെ സംബന്ധിച്ചിടത്തോളം പ്രാർത്ഥനയുടെ ആയുധം ഏറെ ഉപയോഗിക്കപ്പെടേണ്ട കാലഘട്ടമാണിത്. ദൈവാധിപത്യം നിറവേറപ്പെടുന്ന ഒരു കാലഘട്ടത്തിൽ പ്രാർത്ഥനാ പൂർവ്വമുള്ള വോട്ടവകാശം ഏറെ കരണീയമാണ്. ആരു നാടു വാണാലും നിയന്ത്രണം നമ്മുടെ ദൈവത്തിലാണല്ലോ! പ്രാർത്ഥനയ്ക്കു കൂടുതൽ മുട്ടു മടക്കുകയും അതു വഴി ദൈവനിയോഗത്തിനായി ആഗ്രഹിക്കുകയും ചെയ്യുന്നതു മാത്രമാണ് ഒരു ഭക്തനെ സംസന്ധിച്ചിടത്തോളം കരുത്തുറ്റ വോട്ട്. ആത് ദൈവീക നിയോഗത്താൽ സൂക്ഷ്മതാപൂർവ്വം നിർവ്വഹിക്കാൻ നമുക്കിടയാവട്ടെ.

ദൈവത്തിന്റെ ഇഷ്ടം നിറവേറണമേയെന്നു പ്രാർത്ഥിക്കുന്ന നാം, ഭാരതത്തിൽ ദൈവഹിതം നിറവേറുന്നതിന് നമ്മുടെ പങ്ക് എന്താണെന്നു വ്യക്തമായി മനസ്സിലാക്കി നമ്മുടെ വോട്ടവകാശം വിനിയോഗിക്കുക. ഇപ്പോഴുള്ള രാഷ്ട്രീയ അരക്ഷിതാവസ്ഥയ്ക്കു കാരണമായ തെറ്റായ നിലപാടുകൾ വചന പ്രകാരം, പ്രാർത്ഥനാ പൂർവ്വം ശോധന ചെയ്ത്, ദാനിയേലിനെപ്പോലെ, മൂന്നുനേരം പ്രാർത്ഥനയും ശദ്രക്, മേശക്ക് എന്നിവരെപ്പോലെ ഉറച്ച നിലപാടും നെഹമ്യാവിനെപ്പോലെ ദൈവം സാധിപ്പിക്കും എന്ന വിശ്വാസവും ഇവിടെ ആവശ്യമായിരിക്കുന്നു. വ്യക്തികൾക്കെതിരായല്ല മറിച്ചു രാഷ്ട്രീയ നിലപാടുകൾക്കെതിരെ വ്യക്തമായ കാഴ്ചപ്പാടുണ്ടാകണം. എല്ലാം ശരിയാക്കുന്ന ദൈവീക ഇടപെടലുകൾ ഈ വോട്ടെടുപ്പിൽ നടക്കുന്നതിന് നാം ഒന്നായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക.

**-ചീഫ് എഡിറ്റർ**

---

**ലേഖനം**

**ഐസക് സാമുവേൽ**

# വിജയികൾ

## ആത്മീയ മുന്നേറ്റത്തിന് ഒരു മാർഗ്ഗരേഖ



**മൂന്നു** സംവത്സരവും ആറു മാസവും ദേശത്തു മഴ പെയ്തില്ല. അവൻ വീണ്ടും പ്രാർത്ഥിച്ചപ്പോൾ ആകാശത്തു നിന്നും മഴ പെയ്തു ഭൂമിയിൽ ധാന്യം വിളഞ്ഞു യാക്കോ 3:17-18

**ദൈവം തിരഞ്ഞെടുത്ത ഏലിയാവ്**

മറ്റു പല പ്രവാചകന്മാരെപ്പോലെ ഏലിയാവ് ദൈവത്തിന്റെ സന്ദേശവാഹകനാകുവാൻ ശ്രമിച്ചില്ല. എന്നാൽ ദൈവം അവനെ ശുശ്രൂഷയ്ക്കായി തിരഞ്ഞെടുത്തു. ദുഷ്ടനായ രാജാവിൽ നിന്നു തന്റെ ജീവനു ഭീഷണിയുണ്ടാകും എന്നു മനസ്സിലാക്കിയിട്ടും ഏലിയാവിനു ലഭിച്ച വിളിയെ അംഗീകരിച്ചുകൊണ്ടു ദൗത്യം ഏറ്റെടുക്കുവാൻ മടിച്ചില്ല. ഈ പ്രഖ്യാപനം ആഹാബ് രാജാവിനെ അറിയിക്കുവാൻ ഏലിയാവ് ഉടൻ തന്നെ ശമര്യയുടെ തലസ്ഥാന നഗരിയിലേക്കു പുറപ്പെട്ടു. വരൾച്ചയിൽ അരുവികൾ വറ്റുകയും വിളകൾ ഉണങ്ങുകയും ചെയ്തപ്പോൾ ദൈവം ഏലിയാവിനെ ഒളിവിൽ താമസിപ്പിച്ചു. 1 രാജാ 17:7-15, 18:1

വരൾച്ച അവസാനിപ്പിക്കുവാനും മഴ പെയ്യിക്കുവാനും തങ്ങളുടെ ജാതീയ ദൈവങ്ങൾക്കു കഴിയാതെ വന്നപ്പോൾ ബാലിന്റെ പ്രവാചകന്മാർ അപമാനിതരായി. യിസ്രായേലിൽ ഇത്രയധികം കഷ്ടപ്പാടുകൾക്കു കാരണം ഏലിയാവാണെന്നു നിനച്ച് ആഹാബ് രാജാവും അവന്റെ ഉദ്യോഗസ്ഥരും അവനോടു ക്ഷുഭിതരായി. അവർ ഏലിയാവിനെ വേട്ടയാടി അടുത്ത ദേശങ്ങളിലേക്കു പോയി. 1 രാജാ 18:10.

ഒടുവിൽ ആഹാബ് രാജാവിന്റെ മുമ്പിൽ ചെല്ലുവാൻ ദൈവം ഏലിയാവിനോടു ആവശ്യപ്പെട്ടു. ആഹാബ് ഏലിയാവിനെ കണ്ടപ്പോൾ അവനോട് ആർ ഇത്? യിസ്രയേലിനെ കഷ്ടപ്പെടുത്തുന്നവനോ എന്നു ചോദിച്ചു. അതിന് അവൻ പറഞ്ഞതു ഞാനല്ല, നീയും നിന്റെ പിതൃഭവനവുമത്രേ. നിങ്ങൾ യഹോവയുടെ കല്പനകളെ ഉപേക്ഷിക്കുകയും ബാൽ വിഗ്രഹങ്ങളെ സേവിക്കുകയും ചെയ്യുന്നതുകൊണ്ടു തന്നെ 1 രാജാ 18:17-19.

**കർമ്മേൽ പർവ്വതത്തിലെ ഏറ്റുമുട്ടൽ**

ഏലിയാ പ്രവാചകന്റെ ഏറ്റവും വലിയ അത്ഭുതത്തിൽ ബാലിന്റെ 450 പ്രവാചകന്മാരും അശേരയുടെ 400 പ്രവാചകന്മാരും കർമ്മേൽ പർവ്വതത്തിൽ നടന്ന യാഗപീഠ നിർമ്മിതിയും അഗ്നി ഇറക്കലുമായിരുന്നു. യിസ്രായേലിന്റെ ദൈവത്തിനെതിരെ ബാലിന് ഒരു ശക്തിയും ഇല്ലെന്നു കാണിക്കുവാൻ ഏലിയാവ് ഈ വ്യാജ പ്രവാചകന്മരാരെയും എല്ലാ യിസ്രയേലിനെയും കർമ്മേലിലേക്കു ക്ഷണിച്ചു. സത്യദൈവത്തെ സേവിക്കുന്നതാരെന്നു തെളിയിക്കപ്പെട്ടു. 1 രാജാ 18:19-40

ദൈവത്തിന്റെ ശക്തി കാണിക്കാൻ ഏലിയാവ് വലിയ ജനക്കൂട്ടത്തോടു പറഞ്ഞു. യഹോവയുടെ പ്രവാചകനായി ഞാൻ ഒരുത്തൻ മാത്രമേ ശേഷിച്ചിരിക്കുന്നുള്ളൂ. ബാലിന്റെ പ്രവാചകന്മാരോ 450 പേരുണ്ട്. 1 രാജ 18:22 ഏലിയാവ് തുടർന്നു. നിങ്ങൾ എത്രത്തോളം രണ്ടു തോണിയിൽ കാലുവെയ്ക്കും. യഹോവ ദൈവമെങ്കിൽ അവനെ അനുഗമിപ്പിൻ 1 രാജ 18:21. യിസ്രായേലിന്റെ ദൈവം താനാണെന്ന് അന്നു യഹോവയായ ദൈവം തെളിയിച്ചു.

ദിവസം മുഴുവനും കള്ളപ്രവാചകന്മാർ അവരുടെ ബാൽ ദൈവത്തോടു തീ ഇറക്കുവാനും മൃഗബലി ദഹിപ്പിക്കുവാനും ആവശ്യപ്പെട്ടെങ്കിലും ഫലമുണ്ടായില്ല.

സന്ധ്യാസമയത്തിങ്കൽ യിസ്രായേലിന്റെ ദൈവത്തിനു വേണ്ടി തയ്യാറാക്കിയ യാഗവസ്തുവിലേക്കു തീ ഇറക്കി ദഹിപ്പിക്കുവാൻ ഏലിയാവു പ്രാർത്ഥിച്ചു. ഏലിയാവിന്റെ പ്രാർത്ഥനയ്ക്കു ദൈവം ഉത്തരം നല്കി. സ്വർഗ്ഗത്തിൽ നിന്നുള്ള അഗ്നി ഇറങ്ങി യാഗത്തെയും തോട്ടിലെ വെള്ളത്തെയും നനഞ്ഞ വിറകിനെയും എല്ലാം ദഹിപ്പിക്കുകയും കല്ലുകൾ പോലും ദഹിക്കുകയും ചെയ്യുന്നതിന് ആയിരങ്ങൾ സാക്ഷിയായി.

ഭാഷ്യം (തുടർച്ച)

# സങ്കീർത്തനങ്ങൾ-75

ഡോ.സി.വി.വടവന

വടക്കുനിന്നും ആക്രമണം ഉണ്ടായതുകൊണ്ടാണ് ആ ദിക്ക് വിട്ടിരിക്കുന്നത്. വടക്കുനിന്ന് അനർത്ഥം വരും. എന്നാണ് മറ്റൊരഭിപ്രായം. അവർ നിന്നോടു യുദ്ധം ചെയ്യും എന്നു യിരെമ്യാവിന് അരുളപ്പാടുണ്ടായി. യെരൂശലേമിൽ നിന്നുകൊണ്ടു കിഴക്കോട്ടോ പടിഞ്ഞാറോട്ടോ നോക്കുന്നതു കൊണ്ടു രക്ഷയില്ല. മണലാരുണ്യവും മഹാസമുദ്രവും ആണവിടെ. തെക്കോട്ടു നോക്കിയാലും മലകളാണ് കാണുന്നത്. അതുകൊണ്ട് അവിടെ നിന്നു സഹായം അന്വേഷിക്കുന്നതും വ്യർത്ഥമാണ്. സഹായം അയയ്ക്കുന്നത് ദൈവമാണ്. സ്വർഗ്ഗത്തിൽ നിന്നു കൊടുത്തിട്ടില്ലാതെ മനുഷ്യന് ഒന്നും ലഭിപ്പാൻ കഴികയില്ലെന്നാണ് സ്നാപക യോഹന്നാൻ പറയുന്നത്.

അതുകൊണ്ടു വിജയത്തിന്റെ ഡംഭത്തോടെ കൊമ്പുയർത്തുന്ന തിരിച്ചറിവില്ലാത്ത മൃഗത്തെപ്പോലെ വിവേകമില്ലാതെ ശാഠ്യത്തോടെ സംസാരിക്കരുത് എന്ന് അശ്ശൂർ രാജാവായ സെൻ ഹെരിബിനെ സൂചിപ്പിച്ചു പറയുന്നു.

**വാ. 7 ദൈവം ന്യായാധിപതയാകുന്നു: അവൻ ഒരുത്തനെ താഴ്ത്തുകയും മറ്റൊരുത്തനെ ഉയർത്തുകയും ചെയ്യുന്നു.** ദൈവത്തിന്റെ ന്യായാധിപസ്ഥാനത്തെപ്പറ്റി ഇവിടെ സങ്കീർത്തനക്കാരൻ പറയുന്നു. തന്റെ സർവ്വാധിപത്യത്തിൽ ബോധിച്ചവനെ ദൈവം ഉയർത്തുകയും അല്ലാത്തവനെ താഴ്ത്തുകയും ചെയ്യുന്നു. സാമ്രാജ്യങ്ങളും ഭരണാധിപന്മാരും ഉയരുന്നു, താഴുന്നു. അവരെല്ലാം അവന്റെ കൈയിലെ പാവകൾ മാത്രം.

അവൻ ദരിദ്രനെ പൊടിയിൽ നിന്നു നിവിർത്തുന്നു. അഗതിയെ കുപ്പയിൽ നിന്നുയർത്തുന്നു. അവരെ പ്രഭുക്കന്മാരോടു കൂടെയിരുത്തുന്നു. എന്നു ഹന്നായും, പ്രഭുക്കന്മാരെ സിംഹാസനത്തിൽ നിന്നിറക്കി താണവരെ ഉയർത്തിയിരിക്കുന്നു എന്നു മറിയയും പാടുന്നു. തന്റെ താഴ്ച, ഉപകാരപ്രദമായ ഉയർച്ചയിലെത്തിയശേഷം വികലാംഗനായ ഒരു ഡോക്ടറുടെ ആത്മകഥ കേൾക്കുക:

ഞാൻ ദരിദ്രനും വികലാംഗനുമായ കുട്ടിയായിരുന്നു. ഒരു ദിവസം പണവും മറ്റു സൗകര്യങ്ങളും ഉള്ള കുട്ടികൾ കളിക്കുന്നതു ഞാൻ നോക്കിനിന്നു. എന്റെ അടുത്തു നിന്നൊരു മനുഷ്യൻ എന്നോട്: ആ കുട്ടികളുടെ കൂട്ടത്തിൽ ആയിരുന്നെങ്കിൽകൊള്ളായിരുന്നു, അല്ലേ? ഉവ്വ് എന്നു ഞാൻ മറുപടി പറഞ്ഞു. ലോകത്തിൽ പ്രയോജനകരമായി ജീവിക്കുന്നതിനു ദൈവം അവർക്കു ധനവും വിദ്യയും ആരോഗ്യവും കൊടുത്തു. ആ ഉദ്ദ്യേശ്യത്തോടുകൂടി തന്നെയാണ് നിനക്കു മുടന്തുള്ള കാലു തന്നിരിക്കുന്നതെന്നു നീ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? എന്നു ചോദിച്ചു. ഞാൻ യാതൊരു മറുപടിയും പറയാതെ അവിടെ നിന്നു മറഞ്ഞുകളഞ്ഞു. കോപംകൊണ്ട് എന്റെ ഹൃദയം ആളിക്കത്തി, അഗ്നിമഴയെന്നവണ്ണം ചുടുകണ്ണീർ എന്റെ കണ്ണുകളിൽ നിന്ന് അടർന്ന് വീണു. പക്ഷെ എന്റെ അംഗവൈകല്യം വിജയസോപാനമാക്കുന്നതിന് അന്ന് ഞാൻ നിശ്ചയിച്ചു; ജീവിതത്തിലെ മറ്റ് അവശതകളും ദൈവത്തിന്റെ ദാനങ്ങളാണെന്നുള്ള വിചാരത്തോടും ആവേശത്തോടും പഠിച്ചു ജയിച്ചു ഒരു ഡോക്ടറായി. രോഗിപരിചരണം ദൈവീക ജോലിയായി തെരഞ്ഞെടുത്തു. പ്രയോജനമുള്ള ചികിത്സകനെന്ന പദവിയിലേക്കും, ദൈവഭക്തനെന്നുള്ള പ്രശസ്തിയിലേക്കും ഉയർന്ന ആ മനുഷ്യന്റെ താഴ്ച ഉയർച്ചയായി രൂപാന്തരപ്പെട്ടു. യഹോവ താഴ്ത്തുകയും ഉയർത്തുകയും കുഴിയിൽ ഇറക്കുകയും ഉദ്ധരിക്കുകയും ചെയ്യുന്നു.

**വാ. 8 യഹോവയുടെ കൈയ്യിൽ ഒരു പാനപാത്രം ഉണ്ട് ......അതിന്റെ മട്ടു വലിച്ചു കുടിക്കും.**

ദൈവത്തിന്റെ ന്യായവിധികളുടെ ഒരു അടയാളം (വാ. 8; യെശ. 51:17-23; ഹബ. 2;15-16; യെഹെ. 23:31, 34; യിരെ. 25:15, 17, 28; 49:12). സകല ദുഷ്ടന്മാരും, അവർ വിതച്ചതു കൊയ്യുവാനായി നരകത്തിലേക്ക് അയയ്ക്കപ്പെടും (ഗലാ. 6:7-8). ശരീരത്തിലിരുന്നപ്പോൾ ചെയ്ത നല്ലതും തീയതുമായ കാര്യങ്ങൾക്കു വിശുദ്ധന്മാരും കണക്കു കൊടുക്കേണ്ടി വരും (റോമ. 14:10; 1 കൊരി. 3:11-15; 2 കൊരി. 5:10).

താഴ്ത്തപ്പെടുന്നവരെ ദൈവം തന്റെ കൈയ്യിലുള്ള ക്രോധത്തിന്റെ പാനപാത്രം കുടിപ്പിക്കുന്നു ഇവിടെ ഒരു പ്രതികാര നടപടിയെ നമ്മുടെ മുമ്പിൽ കാണിക്കുന്നു. ക്രൂശിൽ കിടന്നുകൊണ്ട് എനിക്ക് ദാഹിക്കുന്നു എന്നു കർത്താവ് പറഞ്ഞപ്പോൾ പുളിച്ച വീഞ്ഞു നിറച്ച് ഈസോപ്പ് തണ്ടിന്മേൽ ആക്കി അവന്റെ വായോട് അടുപ്പിച്ചു.

# പ്രതിസന്ധികളിൽ പരിഹാരം ദൈവാശ്രയം മാത്രം

ലേഖനം



എൽസി ബേബി

"ദൈവത്തെ ത്യജിച്ചു പറഞ്ഞു മരിച്ചുകളക" (2:9) ഒരു ഭാര്യ തന്റെ ഭക്തനായ ഭർത്താവിനോടു പറഞ്ഞ വാക്കുകളാണിത്. അനേകരുടെ ഹൃദയങ്ങളിൽ ദൈവവിരോധിയായ സാത്താൻ മന്ത്രിച്ച് ആത്മഹത്യയ്ക്കു പ്രേരിപ്പിച്ചു നിർബ്ബന്ധിച്ചു കൊന്നു കളയുന്ന ക്രൂരനായ കൊലപാതകനാകുന്നു പിശാച്. ആദിമുതൽ ഏദെൻ പറുദീസയിൽ കടന്നു ദൈവസൃഷ്ടിയായ മനുഷ്യനോടു ദൈവം കല്പിച്ചിരിക്കുന്നതു സത്യമല്ല. നീ മരിക്കയില്ല എന്നു കള്ളം പറഞ്ഞു വഞ്ചിച്ച സാത്താൻ ഇന്നും ബലഹീന മനുഷ്യരെ ദാരുണമായി വധിക്കുന്ന പൈശാചിക ശക്തി, ആത്മഹത്യയിലേക്കു തള്ളിയിടുന്ന അവസ്ഥ. പരിശോധനകളും, പ്രതിസന്ധികളും കടുത്ത നിരാശയും നേരിടുന്ന സാഹചര്യങ്ങളിലാണ് പിശാചു തന്റെ തന്ത്രങ്ങളുമായി സമീപ്പിക്കുന്നത്. അതേ സമയം പരിശുദ്ധനും സർവ്വ ശക്തനുമായ ദൈവം നമ്മുടെ ഹൃദയങ്ങളിൽ മന്ത്രിക്കുന്ന ശബ്ദം ശ്രദ്ധിക്കുക. ദൈവവുമായി നിരന്തര സംസർഗ്ഗം ചെയ്തു ദൈവത്തിൽ പൂർണ്ണ വിശ്വാസവും, ആശ്രയവും ഉള്ളവർക്കു മാത്രമേ താഴെ വിവരിക്കുന്ന ദൈവശബ്ദം കേൾക്കാനാകുകയുള്ളൂ.

1. എന്റെ കൃപ നിനക്കു മതി (2 കൊരി: 12:9) ഏതു പ്രതിസന്ധികളേയും വിജയകരമായി തരണം ചെയ്യാനുള്ള ദൈവകൃപയിൽ മാത്രം ശരണപ്പെടുക. ഇന്നത്തെ ഈ പ്രതിസന്ധി എന്നേക്കുമുള്ളതല്ല. അതു മാറി നല്ല ഒരു 'നാളെ' നമുക്കായി കാത്തിരിക്കുന്നു എന്നു വിശ്വസിച്ചു കൊണ്ടു കർത്താവേ ഈ പ്രതിസന്ധിയിലൂടെ കടന്നു പോകാനുള്ള കൃപ തരണേ എന്നു പ്രാർത്ഥിക്കുക. ദൈവം നമുക്കാർക്കും ദൂരസ്ഥനല്ല. സർവ്വ ശക്തനായ ദൈവം നമ്മോടു കൂടെയുണ്ട്. മകനേ, മകളേ എന്റെ കൃപ നിനക്കു മതി: ഞാൻ നിന്നോടു കൂടെ യുണ്ട്. ഭയപ്പെടേണ്ട. എന്റെ ബലമുള്ള കരങ്ങളിൽ ഞാൻ നിന്നെ വഹിച്ചിരിക്കുന്നു. ഉറപ്പും ധൈര്യമുള്ളവനായി മുമ്പോട്ടു പോകുക. എന്ന ശബ്ദം കേൾക്കുക. വിശ്വസിക്കുക. വിശ്വാസത്തോടെ മുമ്പോട്ടോടുക.

2. സകലവും നന്മക്കായി കൂടിവ്യാപരിക്കും (റോമ:8:28) ദൈവത്തിൽ പൂർണ്ണ വിശ്വാസവും ആശ്രയവുമുള്ളവർക്കു മാത്രമുള്ള ദൈവത്തിന്റെ വാഗ്ദത്തമാകുന്നു റോമ:8:28. ഏതെല്ലാം പ്രതികൂല പ്രതിസന്ധികൾ നേരിട്ടാലും ഭയപ്പെടാതെ, പതറിപ്പോകാതെ ധൈര്യം നല്കുന്ന അനേക വാഗ്ദത്തങ്ങൾ തിരുവചനത്തിലുണ്ട്. അവയുടെയൊക്കെ ആകെ തുക "ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയ പ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ, സകലവും നന്മക്കായി കൂടി വ്യാപരിക്കുന്നു എന്ന അറിവ്!" ദൈവത്തിൽ വിശ്വാസമോ ആശ്രയമോ ഇല്ലാത്തവർക്ക് ഈ വാഗ്ദത്തം ഒരിക്കലും പ്രയോജനപ്പെടുകയില്ല എന്നോർക്കുക. ഈ ദൈവീക വാഗ്ദത്തത്തെ മുറുകെ പിടിച്ചു മുമ്പോട്ടോടുക.

3. പരമാധികാരിയായ ദൈവത്തിന്നു മഹത്വം കൊടുക്കുക. (1:21) ഇയ്യോബിനു കുടുംബവും കുലവും നഷ്ടമായപ്പോൾ പറഞ്ഞ വാക്കുകൾ നമ്മുടെ പാഠമാക്കാം. ഞാൻ എന്റെ അമ്മയുടെ ഗർഭാശയത്തിൽ നിന്നും നഗ്നനായി പുറപ്പെട്ടുവന്നു. നഗ്നനായിത്തന്നെ മടങ്ങി പോകും. യഹോവ തന്നു, യഹോവ എടുത്തു യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ. എത്ര ആഴമേറിയ അർത്ഥവത്തായ വാക്കുകൾ. പ്രിയമുള്ളവരെ നമുക്കുള്ളതെല്ലാം, ശക്തി, ആരോഗ്യം, ജോലി, കുടുംബം മക്കൾ, വസ്തു ഇവയെല്ലാം ദൈത്തിന്റെ ദാനം മാത്രമല്ല ദൈവത്തിന്റെതുമാകുന്നു. അവ നഷ്ടമാകുമ്പോൾ ഇയ്യോബു പറഞ്ഞതു പോലെ യഹോവ തന്നു യഹോവ എടുത്തു. അവന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ എന്നു പറഞ്ഞു യഹോവയെ ആരാധിച്ചു മഹത്ത്വപ്പെടുത്തുവാനിയായാൽ അതിനേക്കാളേറെ നമ്മുടെ കർത്താവ് സന്തോഷിച്ചു മഹിമപ്പെടുന്നു മറ്റൊരവസ്ഥയുമില്ല എന്നോർക്കുക. നിന്നെ ഉദ്ധരിക്കാനാവാതെ ദൈവ കരങ്ങൾ കുറുതായിപ്പോയിട്ടുണ്ടോ? പരമാധികാരിയായ ദൈവത്തിനു കഴിയാത്ത ഏതെങ്കിലും പ്രതിസന്ധികളുണ്ടോ? നീ ആരിലാണ് നിന്റെ വിശ്വാസവും ആശ്രയവും അർപ്പിച്ചിരിക്കുന്നത്. നിന്റെ നോട്ടം ആരിലാണ്? പ്രതിസന്ധികളിലൊ? സാഹചര്യങ്ങളിലൊ? വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ കർത്താവായ യേശുവിനെ മാത്രം നോക്കി നിന്റെ ഓട്ടം ഓടുക. നിന്റെ വിശ്വാസക്കണ്ണുകൾ പ്രതിസന്ധികളെ വിട്ടു സർവ്വ ശക്തനിലേക്ക് ഉയർത്തുക. അവിശ്വാസം സംശയം ഭയം, ആശങ്കകൾ ആവലാതികളെല്ലാം നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കുരിശിന്റെ ചുവട്ടിൽ കുഴിച്ചിടുക. തിരുവചനം ഹൃദയത്തിൽ സംഗ്രഹിക്കുക. കർത്തൃപാദങ്ങളിൽ മുട്ടുകുത്തി സകലവും അവങ്കൽ ഭരമേൽപ്പിച്ചു ഇയ്യോബ്ബു ചെയ്തതു പോലെ യഹോവയെ സ്നേഹിച്ചാരാധിക്കുക. സകല ബുദ്ധിയേയും കവിയുന്ന സമാധാനം നിന്റെ ഹൃദയത്തിൽ നിറഞ്ഞു കവിഞ്ഞൊഴുകും. നിന്റെ ഹൃദയം കർത്താവിൽ ഉല്ലസിച്ചാനന്ദിക്കും ഇടവിടാതെ പ്രാർത്ഥിപ്പാനും, എല്ലാറ്റിനും, എല്ലായ്പ്പോഴും സ്തോത്രം ചെയ്യാനുമുള്ള ശക്തി ലഭിക്കും. നിരാശയും, ഭയവും, ആശങ്കകളും സംശയങ്ങളും മാറിപ്പോകും! സംശയമില്ല പിന്മാറ്റമൊ, ആത്മഹത്യയൊ ഒരിക്കലും പരിഹാരമല്ല. അവ നാശത്തിലെത്തിക്കുകയേയുള്ളൂ. ഇതു വായിക്കുന്ന ആരെങ്കിലും കൃപയാലുള്ള വിശ്വാസം മൂലം കർത്താവായ യേശു ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയത്തിൽ കർത്താവും രക്ഷിതാവുമായി അംഗീകരിച്ചിട്ടില്ലെങ്കിൽ ഇന്നു തന്നെ നിങ്ങളുടെ ഹൃദയം കാർത്താവിനായി സമർപ്പിച്ചു നിത്യജീവന്റെ നിത്യസൗഭാഗ്യത്തിന്റെ അവകാശികളായി പിതാവായ ദൈവ ഭവനത്തിൽ ദൈവമക്കളായി വീണ്ടും ജനിച്ച് സ്വർഗ്ഗീയാവകാശികളായിത്തിരുവാൻ സർവ്വശക്തൻ നിങ്ങളെ സഹായിക്കട്ടെ.



ഭാഗം II (തുടർച്ച)

# പരിശുദ്ധാത്മാവ് വിശ്വാസിയിൽ

റെജി ഈട്ടിമൂട്ടിൽ

**3. അപ്പൊ. 4:27 –** "നീ അഭിഷേകം ചെയ്ത യേശു എന്ന നിന്റെ പരിശുദ്ധദാസനു വിരോധമായി ഹെരോദാവും പൊന്തിയോസ് പീലാത്തോസും ജാതികളും യിസ്രായേൽ ജനവുമായി ഈ നഗരത്തിൽ ഒന്നിച്ചുകൂടി സംഭവിക്കണമെന്നു നിന്റെ കൈയും നിന്റെ ആലോചനയും മുൻനിയമിച്ചത് ഒക്കെയും ചെയ്തിരിക്കുന്നു സത്യം" എന്ന് 26-ാം വാകൃത്തിന്റെ തുടർച്ചയായി പറഞ്ഞിരിക്കുന്നു. ദൈവത്തിന്റെ അഭിഷിക്തനു വിരോധമായി ഒന്നിച്ചുകൂടിയ രണ്ടു രാജാക്കന്മാരുടെയും രണ്ടു ജനതകളുടെയും പേരുവിവരം വെളിപ്പെടുത്തിയിരുന്നു.

**4. അപ്പൊ. 10:38 –** "നസ്രായനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തതും......" പത്രൊസ് കൈസര്യയിൽ കൊർന്നല്യൊസിന്റെ വീട്ടിൽ നടത്തിയ പ്രഭാഷണമധ്യേ പറഞ്ഞ വാക്കുകളാണിത്. ഇവിടെയും യേശുവിനെ പിതാവാം ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്ത വിവരം പ്രസ്താവിക്കുന്നു.

**5. എബ്രാ. 1:9 –** "നീ നീതിയെ ഇഷ്ടപ്പെടുകയും ദുഷ്ടതയെ ദ്വേഷിക്കുകയും ചെയ്തിരിക്കുകയാൽ ദൈവമേ നിന്റെ ദൈവം നിന്റെ കൂട്ടുകാരിൽ പരമായി നിന്നെ ആനന്ദതൈലംകൊണ്ട് അഭിഷേകം ചെയ്തിരിക്കുന്നു" സങ്കീ. 45:6-ാം വാകൃത്തിലെ ഉദ്ധരണിയാണിത്. പിതാവു പുത്രനെ ആനന്ദതൈലം (The oil of gladness) കൊണ്ട് അഭിഷേകം ചെയ്തു എന്നുപറയുകയാണ് ലേഖനകർത്താവ്.

മുകളിൽ ഉദ്ധരിച്ച അഞ്ചു വാകൃങ്ങളിലും പുത്രനെ പിതാവാം ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും ആനന്ദതൈലത്താലും അഭിഷേകം ചെയ്തിരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു.

**വിശ്വാസിയുടെ അഭിഷേകം**

പുതിയനിയമത്തിൽ മൂന്നു വാകൃങ്ങളിൽ കേവലം നാലു വാക്കുകൾ മാത്രമേ വിശ്വാസികളുടെ ആത്മാഭിഷേകത്തെക്കുറിച്ചു കാണുന്നുള്ളൂ. അവ ചുവടെ ചേർക്കുന്നു.

*** 2 കൊരി. 1:21 –** "ഞങ്ങളെ നിങ്ങളോടുകൂടെ ക്രിസ്തുവിൽ ഉറപ്പിക്കുന്നതും നമ്മെ അഭിഷേകം ചെയ്തതും ദൈവമല്ലോ." എല്ലാ വിശ്വാസികളെയും ദൈവം അഭിഷേകം ചെയ്തിരിക്കുന്നതായി ഭൂതകാലപ്രയോഗം (Anointed us is God) ഉപയോഗിച്ചിരിക്കുന്നു. കൊരിന്ത്യർ എല്ലാവരും അന്യഭാഷ പറയുന്നവരായിരുന്നില്ല (1 കൊരി. 12:10; 20,30). എന്നാൽ അവർ എല്ലാവരും അഭിഷേകം പ്രാപിച്ചവരായിരുന്നു.

*** 1 യോഹ. 2:20 –** "നിങ്ങളോ പരിശുദ്ധനാൽ അഭിഷേകം പ്രാപിച്ചു സകലവും അറിയുന്നു" ഇവിടെയും പ്രാപിച്ചു എന്ന പ്രയോഗം ശ്രദ്ധിക്കുക. പരിശുദ്ധനാണ് അഭിഷേകം നൽകുന്നത്. അഭിഷിക്തർ ആയതിനാൽ സകലവും അവർക്കറിയാം എന്നുകൂടെ പറഞ്ഞിരിക്കുന്നു.

*** 1 യോഹ. 2:27 –** "അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു. ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല. അവന്റെ അഭിഷേകം തന്നെ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയാലും അതു ഭോഷ്കല്ല സത്യം തന്നെ ആയിരിക്കയാലും അതു നിങ്ങളെ ഉപദേശിച്ചതുപോലെ നിങ്ങൾ അവനിൽ വസിക്കുവിൻ."

മുകളിൽ രേഖപ്പെടുത്തപ്പെട്ട മൂന്നു വാകൃങ്ങളിലും അഭിഷേകം എന്നല്ലാതെ ആ അഭിഷേകം എന്തുകൊണ്ടാണെന്നോ എന്താണെന്നോ പ്രത്യക്ഷമായി പറയുന്നില്ല. പരിശുദ്ധാത്മാഭിഷേകം എന്ന വാക്കുതന്നെ ബൈബിളിൽ ഇല്ലെന്നു പറഞ്ഞുവല്ലോ? മൂന്നു സ്ഥലത്തും വിശ്വാസികൾ എല്ലാവരും അഭിഷേകം പ്രാപിച്ചവരാണെന്നു കഴിഞ്ഞകാലക്രിയയിൽ പറഞ്ഞിരിക്കുന്നു 1 യോഹ. 2:27ൽ നമുക്കു ലഭിച്ച അഭിഷേകം എന്താണെന്നു ഗ്രഹിക്കുവാനുള്ള ചില സൂചകങ്ങൾ കാണുന്നു.

**മ. "അഭിഷേകം നമ്മിൽ വസിക്കുന്നതാണ്."**

ത്രിയേകദൈവം നമ്മിൽ വസിക്കുന്നു. എന്നാൽ ദൈവം നമ്മിൽ വസിക്കുന്നു എന്നതു പരിശുദ്ധാത്മവാസത്തിലാണ് നാം അറിയുന്നത് (1 യോഹ. 4:13; 1 കൊരി. 6:19; യോഹ. 14:16).

**യ. "അഭിഷേകം സകലവും ഉപദേശിച്ചുതരുന്നു."**

കർത്താവു പറഞ്ഞു: "സതൃത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സതൃത്തിലും വഴിനടത്തും" (യോഹ. 16:13). "എങ്കിലും പിതാവ് എന്റെ നാമത്തിൽ അയയ്ക്കുവാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരികയും ഞാൻ നിങ്ങളോടു പറഞ്ഞതൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും" (യോഹ. 114:26). ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തശേഷം സകലവും ഉപദേശിച്ചു വിശ്വാസിയെ സതൃത്തിൽ വഴിനടത്തുന്നത് ആത്മാവാണ്. അതുകൊണ്ടു യോഹന്നാൻ പറയുന്ന അഭിഷേകം ആത്മാവാണെന്നുപറയാം.

**ര. "അഭിഷേകം ഒരു വ്യക്തിയാണ്, നിങ്ങൾ 'അവനിൽ' വസിക്കണം."**

ആരിൽ? അഭിഷേകത്തിൽ. ഭോഷ്കു പറയാത്ത ആ ഉപദേശകൻ ദൈവത്തിന്റെ സത്യാത്മാവുതന്നെ. അവിടുന്നു ശക്തിയല്ല ഒരു വ്യക്തിയാണ്. ഈ കാര്യകാരണങ്ങൾകൊണ്ട് ഒരു വിശ്വാസിക്കു ലഭിച്ച അഭിഷേകം പരിശുദ്ധാത്മാവാണെന്നു നമുക്കു നിർണയിക്കാം.

**4. അഭിഷേകം ആർക്കാണ്?** ഒരു ഉദ്യോഗനിയമന കർമ്മമായ അഭിഷേകം ആർക്കാണ് നൽകുന്നത്? പഴയനിയമത്തിൽ മൂന്നു തസ്തികയിലുള്ളവരെ നിയമിക്കുന്നത് അഭിഷേകത്തോടുകൂടിയായിരുന്നു. പുതിയനിയമവിശ്വാസികൾക്കും ആ സ്ഥാനത്തേക്കാണ് അഭിഷേകം ആവശ്യമുള്ളത്.



# വിടുവിക്കുന്ന ദൈവം

ലാൽജി മുക്കൂർ

യഹോവ ആര്? ഞാൻ അവനെ അറിയുകയില്ല. ഞാൻ യിസ്രായേലിനെ വിട്ടയയ്ക്കുകയില്ല. എന്നു പറഞ്ഞു വീമ്പിളക്കുന്ന ഫറവോനോടു ദൈവം പറയുകയാണ്.

ഫറവോനെ നീ യിസ്രായേൽ ജനത്തെ ദേശത്തു നിന്നു ഓടിച്ചു കളയും. യഹോവ പറഞ്ഞതുപോലെ. സംഭവിക്കുന്നതാണ് 12-ാം അ ദ്ധ്യായം 31, 32 വാകൃങ്ങൾ.

അപ്പോൾ അവൻ മോശയേ യും അഹരോനെയും രാത്രിയിൽ വിളിപ്പിച്ചു. നിങ്ങൾ യിസ്രായേൽ മക്കളുമായി എഴുന്നേറ്റു എന്റെ ജനത്തിന്റെ നടുവിൽ നിന്നു പുറപ്പെട്ടു നിങ്ങൾ പറഞ്ഞതുപോലെ പോയി യഹോവയെ ആരാധിക്കുവിൻ, നിങ്ങൾ പറഞ്ഞതുപോലെ കന്നുകാലികളെയും കൂടെ കൊണ്ടുപൊയ്ക്കൊള്ളുവിൻ എന്നെയും അനുഗ്രഹിക്കുവിൻ എന്നു പറഞ്ഞു.

മിസ്രയീമ്യർ ജനത്തെ നിർബന്ധിച്ചു വേഗത്തിൽ ദേശത്തു നിന്ന് അയച്ചു. നോക്കുക പുറപ്പാട് 6.1 ൽ യഹോവയായ ദൈവം പറഞ്ഞ കാര്യം പുറപ്പാട് 12.30 നും കാണുന്നത്, യഹോവയുടെ ശക്തിയുള്ള കൈയുടെ പ്രവർത്തിയാണ്.

ഫറവോനും അവന്റെ സകല ഭൃത്യന്മാരും സകല മിസ്രയിമ്യരും രാത്രിയിൽ എഴുന്നേറ്റു. മിസ്രയിമിൽ വലിയൊരു നിലിവിളി ഉണ്ടായി മരണമില്ലാത്ത ഒരു വീടും ഉണ്ടായിരുന്നില്ല.

പ്രിയമുള്ളവരെ ദൈവീക പ്രവർത്തി നാം സ്വപനം കാണുന്നതിനും അപ്പുറത്താണ്.

യഹോവ ആരാണ്, ഞാൻ അവനെ അറിയുകയില്ല, ഞാൻ യിസ്രായേലിനെ വിട്ടയയ്ക്കുകയും ഇല്ല എന്ന് ആക്രോശിച്ച ഫറവോൻ രാത്രിയിൽ ഉണർന്നു യിസ്രായേൽ ജനത്തെ മിസ്രയീമിൽ നിന്നു ഓടിച്ചു കളയുവാൻ നിർബന്ധിതനായിത്തീരുവാൻ കാരണമായതു ദൈവത്തിന്റെ ബലമുള്ള കൈ യുടെ പ്രവർത്തിയാണ്.

ഈ ജീവനുള്ള ദൈവം ഇന്നും ജീവിക്കുന്നു. തന്റെ മക്കളെ കാത്തു പരിപാലിക്കുന്നു.

ഫറവോൻ മാറും നെബുഖദ്നേസർ മാറും, നീറോ ചക്രവർത്തിമാർ മാറും ദുശ്ശാഠ്യമുള്ള ഭരണാധികാരികൾ മാറും എന്നാൽ ന മ്മുടെ ദൈവം മാറുകയില്ല. അവൻ അനാദിയായ ദൈവമാണ്, അവൻ സകലവും അറിയുന്നവനും, അനുവദിക്കുന്നവനുമാണ്. മാത്രമല്ല തന്റെ ജനത്തിന്റെ പ്രാർത്ഥന അവഗണിച്ചു പോകുന്ന ദൈവവുമല്ല.

ലോകാവസാനത്തോളം എല്ലാ നാളും ഞാൻ നിങ്ങളൊടു കൂടെ ഉണ്ട് എന്ന് അരുളി ചെയ്ത ദൈവമാണ്.

അവൻ വാക്കു മാറാത്ത ദൈവമാണ്.

പ്രശ്നങ്ങളുടെയും പ്രതികൂലങ്ങളുടെയും നടുവിൽ നമ്മോടു കൂടെ ഇറങ്ങി വരുന്നവനാണ് നമ്മുടെ ദൈവം.

ഈ മഹാ ദൈവമാണു കാൽകരം ആണികളാൽ ക്രൂശിനോടു ചേർത്തു അടിക്കപ്പെട്ടവനായി, തലയിൽ മുൾമുടി വെച്ച് അടിക്കപ്പെട്ടവനായി. ദേഹമാസകലം ചാട്ടവാറും ചമ്മട്ടിയും കൊണ്ട് അടിച്ചു പൊളിക്കപ്പെ ട്ടവനായി, വിലാപ്പുറം കുന്തം കൊണ്ടു കുത്തി തുറന്നവനായി അവസാനതുള്ളി ര ക്തവും ഊറ്റി തന്നു മരിച്ച് അടക്കപ്പെട്ടു മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു പിതാവിന്റെ വലതു ഭാഗത്തിരുന്നു നമുക്കായി മദ്ധ്യസ്ഥം ചെയ്യുന്നത്

ഈ കാൽവരിക്രൂശി നോക്കി നമുക്കു യാത്ര ചെയ്യാം.

നമ്മുടെ ദൈവം വിടുവിക്കുന്ന ദൈവമാണ്.

# പ്രാർത്ഥന – സഹായം

## ബ്രദർ ജയൻ ചാക്കോയ്ക്കുവേണ്ടി പ്രാർത്ഥിക്കുക

**സൗദി അറേബ്യ:** റഹീമ ബ്രദറൻ സഭാംഗമായ ബ്രദർ ജയൻ ചാക്കോയെ യാൻബുവിൽ നിന്നു ദമാം ജുബൈൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## മാസ്റ്റർ പ്രിയാൻസുവിനായി പ്രാർത്ഥിക്കുക

**മിർജാപൂർ :** സെഫ്രാബാദ് ക്രിസ്ത്യൻ അസംബ്ലി അംഗം ബ്രദർ ശിവശങ്കറിന്റ മകൻ മാസ്റ്റർ പ്രിയാൻസു(5)വിനായി പ്രാർത്ഥിക്കുക.ഷുഗർ ലെവൽ ഉയർന്നതിനെത്തുടർന്ന് വാരണാസി ഹോസ്പിറ്റലിൽ അഡ്മിറ്റ് ആണ്. പൂർണമായ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## ബ്രദർ ആഷിഷിനു വേണ്ടി പ്രാർത്ഥിക്കുക

**ഹിസ്സാർ:** ബ്രദറൺ ഫെലോഷിപ്പ് അംഗം ബ്രദർ അനിലിന്റെ മകൻ മാസ്റ്റർ ആഷിഷിനു വേണ്ടി പ്രാർത്ഥിക്കുക.ടൈഫോയ്ഡ് ചികിത്സക്കായി ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. വേഗം സുഖം പ്രാപിക്കാൻ പ്രാർത്ഥിക്കുക.

## കെ. സി രവിക്കു വേണ്ടി പ്രാർത്ഥിക്കുക

**പാതിരാപ്പള്ളി** : കെ. സി. രവി ക്കു വേണ്ടി പ്രാർത്ഥിക്കുക അദ്ദേഹത്തെ ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. കാൽമുട്ടിന് താഴെ ഒടിവുണ്ട്. അദ്ദേഹത്തിന് ഒരു ശസ്ത്രക്രിയ ആവശ്യമാണ്. സ്ട്രോക്കിനുള്ള മരുന്നുകൾ കഴിക്കുന്നതിനാൽ ഇപ്പോൾ ശസ്ത്രക്രിയ സാധ്യമല്ല. വേഗത്തിലും പൂർണ്ണമായും സുഖം പ്രാപിക്കാൻ പ്രാർത്ഥിക്കുക.

## സിസ്റ്റർ സാലി ബൽഹർ സിംഗിനു വേണ്ടി പ്രാർത്ഥിക്കുക

**പഞ്ചാബ്:** ദോബ പഞ്ചാബി ക്രിസ്ത്യൻ സഭാംഗം ഇവാ. ബൽഹർ സിംഗിന്റെ ഭാര്യ സിസ്റ്റർ സാലി ബൽഹർ സിംഗിനു വേണ്ടി പ്രാർത്ഥിക്കുക. ബൈക്കപകടത്തിൽ കൈക്ക് ഒടിവുണ്ടായി, സഹോദരിക്ക് ഒരു ശസ്ത്രക്രിയ ആവശ്യമാണ് മാർച്ച് 9 ന് ശസ്ത്രക്രിയ നടത്തും. വേഗം സുഖം പ്രാപിക്കാൻ പ്രാർത്ഥിക്കുക.

## ബ്രദർ ലാലു പ്രസാദ് ഭഗത് നു വേണ്ടി പ്രാർത്ഥിക്കുക

**മുസാഫിർപൂർ:** ധോലി ബ്രദറൺ സഭയിലെ സുവിശേഷകൻ ലാലു പ്രസാദ് ഭഗത് ഹൃദയാഘാതം മൂലം ഇപ്പോൾ വെല്ലൂർ മെഡിക്കൽ കോളേജിൽ ചികിത്സയിലായിരിക്കുന്നു. സാമ്പത്തീക ഭദ്രത ഒട്ടുമില്ലാത്ത ഈ കുടുംബം വളരെ ബുദ്ധിമുട്ടനുഭവിക്കുന്നു. ഭാര്യയും മൂത്ത മകനും ഒപ്പം വെല്ലൂരിൽ താമസിച്ച് ചികിത്സ നടത്തിക്കൊണ്ടിരിക്കുന്നു. ആശുപത്രി ചെലവുകൾ വഹിക്കാനും കുട്ടികളെ സ്കൂളിൽ അയയ്ക്കാനും നന്നേ പ്രയാസപ്പെടുന്നു ഈ കുടുംബം സഹായം അഭ്യർത്ഥിക്കുന്നു. അടിയന്തിരമായി പേസ്മേക്കർ ഇംപ്ലാന്റേഷൻ നടത്തുന്നതിന് ഭാരിച്ച തുക ആവശ്യമായിരിക്കുന്നു. ദൈവജനത്തിന്റെ സഹായവും പ്രാർത്ഥനയും അപേക്ഷിക്കുന്നു.

Name as in the Bank: Laloo Prasad Bhagat
SB Account Number: 11173882062
Bank: State Bank of India
IFS Code: SBIN0000136
Branch: Munger
Google Pay Number: 8002883430



## ഗാനം

*ചാക്കോ ഇ മത്തായി, ഹൂസ്റ്റൻ*

വാഴ്ത്തിടുന്നേ.....വാഴ്ത്തിടുന്നേ......ദാവീദിൻ പുത്രനേ വാഴ്ത്തിടുന്നേ
ഹല്ലേലൂയ്യാ വാഴ്ത്തപെട്ടോൻ യാഹിൻടെ നാമത്തിൽ വാരുന്നോനിവൻ

എഴുന്നള്ളുന്നേ എഴുന്നള്ളുന്നേ നിൻടെ രക്ഷകനെഴുന്നള്ളുന്നേ
ആർപ്പിടുക ആമോദിക്ക യരുശലേം പുത്രിയേ ആനന്ദിക്ക

ഗർദ്ദഭക്കുട്ടിമേലെഴുന്നള്ളുന്നേ ഗർവമശേഷവുമവനിലില്ലേ
സൗമ്യതയുള്ളോ- നവൻ സൗശീല്ല്യൂൻ ശാലേം പുത്രീ കാണുക നീ

കാൽവറിമലമേലാക്കുരിശിൽ യാഗമതാ - യ്ത്തീർന്നല്ലോ
മരിച്ചുയിർത്തു എൻടെ ശിക്ഷ നീക്കി എന്നേയും നിൻ പൈതലാക്കിയല്ലോ

വാതിൽകളേ നിങ്ങൾ തലയുയർത്തീൻ പണ്ടേയുള്ളോവേയുയർന്നിപ്പീൻ
പ്രവേശിക്കട്ടേ രാജാവെഴുന്നള്ളട്ടേ മഹത്വത്തിൻ രാജാവിവനല്ലയോ

എൻടെ പിതാവേയവിടുത്തേ സ്നേഹമതെ - ന്താശ്ചര്യം
സ്തുതിസ്തോത്രവും ബഹുമാനവും തൃപ്പാദത്തിലണക്കുന്നേൻ.

## ബ്രദർ ജോർജ്ജ് മത്തായിക്കു വേണ്ടി പ്രാർത്ഥിക്കുക

**കൊല്ലം:** പൂയപ്പള്ളി ബ്രദറൺ സഭാംഗമായ ബ്രദർ ജോർജ്ജ് മത്തായി വൃക്ക സംബന്ധമായ രോഗത്താൽ ഓപ്പറേഷൻ ചെയ്യുന്നതിനു വേണ്ടി ആസ്റ്റർ മെഡിസിറ്റിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു. പരിപൂർണ്ണ വിടുതലിനായി പ്രാർത്ഥിക്കുക.

## സിസ്റ്റർ ബിന്ദു ഷാജനുവേണ്ടി പ്രാർത്ഥിക്കുക

സിസ്റ്റർ ബിന്ദു ഷാജനു വേണ്ടി പ്രാർത്ഥിക്കുക. ഇടത് കണ്ണിന്റെ കാഴ്ച പൂർണമായി നഷ്ടപ്പെട്ടു. നാല് ഐ വി .ഐ.ജി കുത്തിവയ്പ്പുകൾ നൽകേണ്ടതുണ്ട്. ഓരോ കുത്തിവെപ്പിനും 100 രൂപ ചിലവാകും. സാമ്പത്തികമായി ബുദ്ധിമുട്ടുന്ന കുടുംബത്തെ ദയവായി സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സിസ്റ്റർ ബിന്ദു ഷാജന്റെ ഭർത്താവ് ഇവാ. ഷാജന്റെ ബാങ്ക് വിവരങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

Name as in the Bank: Shajan T V
SBAccount Number: 67040137859
Bank: State Bank of India
Branch: Valakuzhy
IFS Code: SBIN0070559
Google Pay: 9495835331

## സിസ്റ്റർ വൽസമ്മ തോമസിനായി പ്രാർത്ഥിക്കുക

**ഛത്തീസ്ഗഡ്:** ദുർഗ് ബ്രദറൻ അസംബ്ലി അംഗം ഗ്രേസ് വില്ലയിൽ പരേതനായ പി ജി തോമസിന്റെ ഭാര്യ സിസ്റ്റർ വൽസമ്മ തോമസിനായി പ്രാർത്ഥിക്കുക അടൂർ ലൈഫ് ലൈൻ ആശുപത്രിയിൽ ഓപ്പൺ ഹാർട്ട് സർജറിക്കു വിധേയയായിരുന്നു. പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## സിസ്റ്റർ നിർമ്മല രാജനു വേണ്ടി പ്രാർത്ഥിക്കുക

**പുല്ലാട്:** പുല്ലാട് ബ്രദറൻ സഭാംഗവും ഇവാ. ആർ. രാജന്റെ ഭാര്യയുമായ സിസ്റ്റർ നിർമ്മല രാജൻ തിരുവനന്തപുരം ശ്രീ ചിത്തിരാ ഹോസ്പിറ്റലിൽ മസ്തിഷ്ക ശസ്ത്രക്രിയയ്ക്കു വിധേയായി കഴിയുകയാണ്. ഇപ്പോൾ വീണ് നട്ടെല്ലിലും കാൽ മുട്ടിലും പരിക്കേറ്റു ശസ്ത്രക്രിയ കഴിഞ്ഞു വിശ്രമിക്കുന്നു. ദൈവമക്കളുടെ പ്രത്യേക പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

## സിസ്റ്റർ ബ്ലസ്സിക്കുവേണ്ടി പ്രാർത്ഥിക്കുക

**ഒറീസ:** ബർഗാഹ് ബ്രദറൺ സഭാംഗമായ ബ്രദർ ജാദുവിന്റെ 13 വയസ്സുള്ള മകൾ ബ്ലസ്സി താഴെ വീണ് അബോധാവസ്ഥയിലായി. അടിയന്തിര ചികിത്സയ്ക്കായി ബിർലാ ഹോസ്പിറ്റലിലേക്കു കൊണ്ടുപോയിരിക്കുന്നു. ഡോക്ടർ അസുഖം കണ്ടുപിടിക്കേണ്ടതിനും നല്ല ചികിത്സ ലഭിക്കേണ്ടതിനും ദൈവജനത്തിന്റെ അടിയന്തിര പ്രാർത്ഥന ചോദിക്കുന്നു.

## ബ്രദർ തോമസ് കെ. മാത്യൂനു വേണ്ടി പ്രാർത്ഥിക്കുക

**പത്തനാപുരം:** കെ. ഇ. എം. ഫണ്ടിന്റെ മാനേജിംഗ് ട്രസ്റ്റിയായ ബ്രദർ തോമസ് കെ. മാത്യൂ ഗ്യാസ്ട്രോ, കിഡ്നി സംബദ്ധമായ അസുഖത്തെ തുടർന്ന് ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചിരിക്കുന്നു സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**ഒറീസ:** കൊറാപുട്ട് ബ്രദറൺ അസംബ്ലിയുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന കൊറാപുട്ട് ഗോസ്പൽ ട്രയിനിംഗ് സെന്ററിന്റെ അടുത്ത ബാച്ച് ഏപ്രിൽ 1 ന് ആരംഭിക്കുന്നു. ഗോത്ര വർഗ്ഗത്തിലുള്ളവരെ ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന സുവിശേഷകരെ ഓർത്തു പ്രാർത്ഥിക്കുവാൻ താത്പര്യപ്പെടുന്നു.

## ബ്രദർ കെ. എസ്. എബ്രഹാമിനു വേണ്ടി പ്രാർത്ഥിക്കുക

**പുതുപ്പടി :** പുതുപ്പടി ബ്രദറൺ അസംബ്ലി അംഗമായ ബ്രദർ കെ. എസ്. എബ്രഹാം (വിക്ടറി ബാബു). കിഡ്നി സംബന്ധമായ അസുഖത്താൽ കോഴിക്കോട്ട് മലബാർ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു. ഡോക്ടമാർ ഡയാലിസിസ് നിർദ്ദേശിച്ചിരിക്കുന്നു. വേഗത്തിൽ സുഖം പ്രാപിക്കുവാൻ പ്രാർത്ഥിക്കുവാൻ താത്പര്യപ്പെടുന്നു.

## ബ്രദർ ജോയൽ നു വേണ്ടി പ്രാർത്ഥിക്കുക

**കൊറാപുട്ട് :** സത്യം മിനിസ്ട്രീസ് സ്റ്റാഫ് ബ്രദർ ജോയൽ സുനയുടെ സഹോദരിയും സുനവേഡാ ബ്രദറൺ അസംബ്ലി അംഗവുമായ സിസ്റ്റർ സരിതാ സുനാ മുഖത്തും കൈയ്യിലും തൊലിയിളകുന്ന അപൂർവ്വ രോഗത്താൽ ബുദ്ധിമുട്ടനുഭവിക്കുന്നു. ഡോക്ടർമാർ രോഗം കണ്ടുപിടിച്ചിട്ടില്ല. സൗഖ്യത്തിനായി പ്രാർത്ഥിച്ചാലും.

## വൈ. എം. ഇ. എഫ് ബൈബിൾ ക്യാമ്പ്

**കട്ടപ്പന:** വൈ. എം. ഇ. എഫ് ഹൈറേഞ്ച് ഡിവിഷന്റെ നേതൃത്വത്തിൽ ഹൈറേഞ്ച് ബ്രദറൺ സംഗമം, ബൈബിൾ ക്യാമ്പ് നടക്കും. കട്ടപ്പന കല്ലറയ്ക്കൽ റെസിഡൻസിയിലാണ് ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്. ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുവിൻ എന്ന തീം ആസ്പദമാക്കി നടത്തപ്പെടുന്ന ക്യാമ്പിൽ ഇവാ. ചാണ്ടപ്പിള്ള ഫിലിപ്പ്, ഇവാ. എം. കെ. ജെയിംസ്, ഇവാ. വി. എം. പോൾ എന്നിവർ വചനശുശ്രൂഷ നിർവഹിക്കും.

## തിരുവനന്തപുരം വിഭാഗം - എസ്. ബി. എസ്. ക്യാമ്പ്

സത്യവേദ സെമിനാരി മരത്തകിടി ഉറിയാക്കോട് വെച്ച് ഏപ്രിൽ 16 മുതൽ 19 വരെ സുവിശേഷകൻ ബാലസംഘം തിരുവനന്തകപുരം സെന്റർ ക്യാമ്പ് നടക്കും. ബിവിന്നേഴ്സ് എന്നതാണ് ക്യാമ്പിന്റെ തീം. ബ്രദർ തോംസൺ ബി തോമസ്;
ബ്രദർ ബിനു ശാമുവേൽ, ബ്രദർ ബോബി തോമസ്, ബ്രദർ ജി ധർമ്മരാജ്, ബ്രദർ ബിനു ജോസ്, ബ്രദർ റ്റി. പി. കനകരാജ്, ബ്രദർ ഡോ. ജോൺ എബ്രഹാം, ബ്രദർ സ്റ്റാലിൻ ദാസ്, ബ്രദർ ജോൺസ് ദാസ് എന്നിവരാണ് പ്രധാന ക്യാമ്പ് ലീഡേഴ്സ് ബ്രദർ സാം സക്കറിയയാണ് ക്യാമ്പ് കൺവീനർ

## ബൈബിൾ ക്യാമ്പ്

**വയനാട്:** കൊയിലേരി ടാബോർ ഹിൽ കോൺഫറൻസ് ഹാളിൽ 2024 ഏപ്രിൽ 17, 18,19 തിയ്യതികളിൽ ബുധൻ 5 PM വെള്ളി 9 PM വരെ ബൈബിൾ ക്യാമ്പ് നടക്കും. മുഖ്യതിഥി ഇവാ. ചാണ്ടപ്പിള്ള ഫിലിപ്പ് ആയിരിക്കും.

## സ്പെഷ്യൽ ക്യാമ്പ്

**പുത്തൻകാവ്:** ഈ അദ്ധ്യയന വർഷം 9,10,11,12 ക്ലാസ്സുകളിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് മാത്രമായി സുവിശേഷകൻ ബാലസംഘത്തിന്റെ നേതൃത്വത്തിൽ April 1 മുതൽ 5 വരെ (തിങ്കൾ 4:00 pm മുതൽ വെള്ളി 1:00 pm വരെ) പുത്തൻകാവ് എസ്. ബി. എസ്. ക്യാമ്പ് സെന്ററിൽ വെച്ച് ടീൻസ് സ്പെഷ്യൽ ക്യാമ്പ് നടക്കും ഉപദേശ, പ്രായോഗിക വിഷയങ്ങളിൽ പ്രഗത്ഭരായ അദ്ധ്യാപകരുടെ ക്ലാസുകൾ, ഗ്രൂപ്പു സെഷനുകൾ, ചർച്ചകൾ, ടാലെന്റ് ടൈം, ഗ്രൂപ്പ് പ്രാർത്ഥന, ഗെയിംസ്, സ്പെഷ്യൽ ഈവെനിംഗ് പ്രോഗ്രാമുകൾ, കരിയർ ഗൈഡൻസ് പ്രോഗ്രാം എന്നിവ ക്യാമ്പിന്റെ ഭാഗമായി ഉണ്ടായിരിക്കും. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന 250 പേർക്കു മാത്രമാണ് പ്രവേശനം, 400 രൂപയാണ് ക്യാമ്പ് ഫീസ്. ബന്ധപ്പെടേണ്ട നമ്പർ ജോൺസൺ മാടപ്പള്ളി -9895727190

## ബഥനി ബൈബിൾ സ്കൂളിൽ അഡ്മിഷൻ ആരംഭിച്ചു

74-ാം മതു ബാച്ചിന്റെ ക്ലാസ്സുകൾ 2024 ജൂൺ 3 തിങ്കളാഴ്ച ആരംഭിക്കുന്നു മലയാളം മീഡിയത്തിൽ ഒരു വർഷത്തേക്കുള്ള കോഴ്സാണിത്. സുവിശേഷകർ, വേലയ്ക്കായി സമർപ്പിച്ചവർ എന്നിവരെ കൂടാതെ ജോലിയിൽ നിന്നു വിരമിച്ചവർ, വിവിധ ശുശ്രൂഷകളിൽ ഏർപ്പെടുന്നവർ തുടങ്ങി വചനം ക്രമീകൃതമായി പഠിക്കുവാൻ ആഗ്രഹിക്കുന്ന സഹോദരന്മാർക്ക് ഇവിടെ അഡ്മിഷൻ ലഭിക്കുന്നതാണ്.

തിങ്കൽ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 വരെയുള്ള സമയങ്ങളിൽ വന്നു പഠിച്ച് മടങ്ങിപ്പോകുവാൻ സാധിക്കുന്ന സമീപപ്രദേശങ്ങളിലുള്ള സഹോദരന്മാർക്കു ഡേ സ്കോളേഴ്സ് ആയും പഠിക്കാവുന്നതാണ്. പ്രോസ്പക്ടസിനും അപേക്ഷഫാറത്തിനും പ്രിൻസിപ്പാൾ, ബഥനി ബൈബിൾ സ്കൂൾ, പോസ്റ്റ് ബോക്സ് -45, കുമ്പനാട് പി. ഒ. തിരുവല്ല-689547 എന്ന വിലാസത്തിൽ എഴുതുകയോ 9447404646 എന്ന നമ്പരിൽ വിളിക്കുകയോ ചെയ്യാവുന്നതാണ്. ട്രസ്റ്റ് അംഗങ്ങളിൽ നിന്നും ഫോമുകൾ ലഭിക്കുന്നതാണ്. മെയ് 15 നകം അപേക്ഷകൾ ലഭിച്ചിരിക്കേണ്ടതാണ്.

## 37-ാമത് ഗ്രാജുവേഷൻ

**അൽവർ:** നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളോജിക്കൽ സ്റ്റഡീസിന്റെ 37-ാം മത് ഗ്രാജുവേഷൻ 2024 ഏപ്രിൽ 20 ന് നടത്തപ്പെടുന്നതാണ്. അതോടൊപ്പം 18-20 വരെ നടക്കുന്ന മിഷന്നറി മീറ്റിംഗിലേക്കും ഗ്രാഡുവേഷൻ സമ്മേളനത്തിലേക്കും ഏവരേയും ക്ഷണിക്കുന്നു.

ബ്രദർ ജോൺ കുര്യൻ (കേരള) പ്രത്യേക ക്ഷണിതാവായി വചന ശുശ്രൂഷ നിർവ്വഹിക്കുന്നതാണ്.

## വാർഷിക സമ്മേളനം

**അടൂർ :** ഹോസ്പിറ്റലിൽ മിനിസ്ട്രീസിന്റെ വാർഷിക സമ്മേളനം 2024 മാർച്ച് 29 ന് അടൂർ കിളിവയൽ ബ്രദറൺ സഭാഹാളിൽ വെച്ചു 10-1 മണി വരെ നടത്തപ്പെടുന്നതാണ്. ബ്രദർ. സാംകുട്ടി ജോർജ്ജ് (അടൂർ) അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ സുവി. റ്റി. പി. കനകരാജ് (തിരുവനന്തപുരം) വചന ശുശ്രൂഷ നിർവ്വഹിക്കുന്നതാണ്.

## ടീൻസ് ക്യാമ്പ് 2024

**ഷാർജ:** 2024 മാർച്ച് 25-27 വരെ ഷാർജ യൂണിയൻ ചർച്ചിൽ വെച്ചു ടീൻസ് ക്യാമ്പ് നടത്തപ്പെടുന്നതാണ്. ക്രിസ്തുവിന്റെ മനസ്സ് എന്നതാണ് ക്യാമ്പ് തീം. ഇവാ. ഷിജു സൈമൺ ചെറിയാന്റെ നേതൃത്വത്തിൽ നടക്കുന്ന ക്യാമ്പിലേക്ക് 4 മുതൽ 19 വയസ്സ് വരെയുള്ള എല്ലാവരേയും സ്വാഗതം ചെയ്യുന്നു. വിവിധ ഗയിമുകൾ, ആർട്ട് & ക്രാഫ്റ്റ്, സംവാദങ്ങൾ, താലന്ത് പരിശോധന, ചോദ്യോത്തര വേള, ഗ്രൂപ്പു ചർച്ചകൾ തുടങ്ങിയവ പ്രത്യേകതയാണ്.

## കൊട്ടാരക്കര കൺവൻഷൻ 2025

**കൊട്ടാരക്കര:** പുലമൺ ബ്രദറൺ സഭയുടെ നേതൃത്തിൽ 2025 ജനുവരി 13-19 വരെ പുലമൺ ബ്രദറൺ ഹാളിൽ വെച്ച് കൺവെൻഷൻ നടക്കുന്നതാണ്.

സുവിശേഷകരായ എബി. കെ. ജോർജ്ജ്, ജയിംസ് എം. തോമസ്, ബിജു ചുവന്നമണ്ണ് പി. വി. ജയിംസ്, ജോൺ കുര്യൻ എന്നിവർ വചന ശുശ്രൂഷ നിർവ്വഹിക്കുന്നതാണ്.

## സിയോൻ ബ്രദറൺ സഭാ കൺവൻഷൻ

**ഇടുക്കി:** 2024 ഏപ്രിൽ 4 മുതൽ 7 വരെ സിയോൻ ബ്രദറൻ സഭയുടെ ആഭിമുഖ്യത്തിൽ മലയിൽ പുതുവലയിൽ വെച്ച് കൺവെൻഷൻ നടത്തപ്പെടുന്നതാണ്. ഇവാ. ജോൺ ജോസഫ്, ബ്രദർ ബെനിസൻ ബാബു ഇടപ്പറമ്പിൽ ഇവാ. ജയ്മോൻ കഞ്ഞിക്കുഴി തുടങ്ങിയ അനുഗ്രഹീത പ്രഭാഷകൻമാർ വചന ശുശ്രൂഷ നിർവ്വഹിക്കുന്നതാണ്. ബ്രദർ. ബിജു വയനാട്, അലൻ തോമസ് കോട്ടയം, ലിന്റോ പൂയപ്പള്ളി തുടങ്ങിയവർ ഗാനശുശ്രൂഷ് നിർവ്വഹിക്കും.

പരസ്യയോഗങ്ങൾ, കുടുംബ കൗൺസലിംഗ് കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേക സെക്ഷൻ എന്നിവ ഉണ്ടായിരിക്കുന്നതാണ്.

## ഡാളസ് ഏരിയ ബൈബിൾ കോൺഫറൻസ്

**ഡാളസ് :** ഡാളസ് ഏരിയാ ബൈബിൾ കോൺഫറൻസ് 2024 മാർച്ച് 23, 24 തീയതികളിൽ വിറ്റ്ലാൻഡ് ബൈബിൾ ചാപ്പൽ, ഗാർലൻഡ് ബൈബിൾ ചാപ്പൽ എന്നിവിടങ്ങലിൽ നടക്കും. കർത്താവിൻ പ്രസിദ്ധരായ അലൻ പാർക്സ്, ജോർജ്ജ് ഫെറർ എന്നിവർ വിഷയത്തെ ആസ്പദമാക്കി വചന ശുശ്രൂഷ നിർവ്വഹിക്കുന്നതാണ്.

## ആശുപത്രി ഉദ്ഘാടനവും മെഡിക്കൽ ക്യാമ്പും

**പത്തനംതിട്ട :** കിടങ്ങന്നൂരിൽ പുതുതായി ആരംഭിക്കുന്ന ദയ ഹെൽത്ത് കെയർ ഹോസ്പിറ്റലിന്റെ ഉദ്ഘാടനം 2024 മാർച്ച് 30 ബുധൻ രാവിലെ 9 മണിക്ക് ശ്രീ. ആന്റോ ആന്റണി എം. പി. നിർവ്വഹിക്കുന്നതാണ്. സുവി. ചാണ്ടപ്പിള്ള ഫിലിപ്പ്, അനുഗ്രഹ പ്രഭാഷണം നടത്തുന്നതാണ്. അന്നേ ദിവസം, ജനറൽ, പീഡിയാട്രിക്,ഗൈനക്കോളജി, ഓർത്തോ വിഭാഗത്തിലുള്ള വിദഗ്ദ്ധരായ ഡോക്ടർമാർ നയിക്കുന്ന മെഡിക്കൽ ക്യാമ്പും ഉണ്ടായിരിക്കുന്നതാണ്.

## 15-ാമത് ഗ്രാജുവേഷൻ

**ഭോപ്പാൽ:** ഹോപ്പ് അക്കാഡമി ഓഫ് തിയോളജി & സയൻസിന്റെ 15-ാമത് ഗ്രാജുവേഷൻ, ഹോപ്പ് ബിലീവേഴ്സ് (ബ്രദറൺ അസംബ്ലി ആതിഥേയരായി 2024 ഏപ്രിൽ 11 ന് ഹോപ്പ് ബിലീവേഴ്സ് അസംബ്ലിയിൽ വെച്ചു നടത്തു്പെടുന്നതാണ്. ഇവാ. ബിജു മാത്യൂ (പ്രിൻസിപ്പൽ) മുഖ്യാതിത്ഥി ആയിരിക്കും.

## ഏകദിന സെമിനാർ

**തിരുവനന്തപുരം:** തിരുവനന്തപുരം സുവിശേഷകന്മാരുടെ പ്രാർത്ഥനാ കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ 2024 മാർച്ച് 20ന് അമരവിള ബ്രദറൺ സഭാഹാളിൽ വെച്ച് ഏകദിന സെമിനാർ നടത്തപ്പെടുന്നതാണ്. സുവിശേഷകന്മാരായ അജിത് കുമാർ കോവളം, വൈ. സി. ദാസ് മണ്ണടികോണം എന്നിവർ ക്ലാസ്സുകൾക്കു നേതൃത്വം നല്കുന്നതാണ്.

## പ്രാർത്ഥന സമ്മേളനം

**കുമ്പനാട്:** കുമ്പനാട് സെന്റർ സോദരി സമാജത്തിന്റെ നേതൃത്വത്തിൽ ഏപ്രിൽ 3-5 വരെ കുമ്പനാട് ബ്രദറൺ ഹാളിൽ വെച്ച് പ്രാർത്ഥനാ സമ്മേളനം നടത്തപ്പെടുന്നതാണ്. സിസ്റ്റർ ബെറ്റി ജോൺ കുര്യൻ കോട്ടയം ക്ലാസ്സുകൾക്കു നേതൃത്വം നല്ക്കുന്നതാണ്.

SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

# യേശുവിന്റെ ജീവവചനം

YESUVINTE JEEVAVACHANAM

അക്ഷരത്തിലൂടെ ആത്മാക്കൾ

Date of Publications : 25.03.2024
RNI Reg. No. KERMAL/2012/42077
Postal Reg.No:KL/TLA/236/2024-26
Licence No :KL/TLA/WPP/192/2024-26

## പാട്ട്

## എൻ ആശ്രയം



ആശ ജേക്കബ്ബ് മെൽബൺ

എന്റെ താഴ്ചയിൽ എന്നെ ഓർത്തവനെ
എന്റെ വീഴ്ചയിൽ എന്നെ
താങ്ങിയവനെ
എന്റെ ഭാരങ്ങൾ എല്ലാം വഹിച്ചവനെ

നീ തന്നെ എൻ ആശ്രയം
നാഥാ നീ എന്നും എൻ ആശ്രയം

1. വിടുവിപ്പൻ എന്നും നീ ശക്തനല്ലോ
കരുതുന്ന എൻ പ്രിയ അപ്പനല്ലോ(2)
2. കണ്ണുനീരിൽ ഞാൻ മുങ്ങിയപ്പോൾ
കരകാണാത് ആഴിയിൽ
അലഞ്ഞിടുമ്പോൾ(2)
3. ആരുമില്ലാതെ ഞാൻ ഏകനായപ്പോൾ
കൂട്ടിനായ് നീ എന്റെ ചാരെ എത്തി(2)
4. പാപങ്ങൾ എല്ലാം നീ ക്ഷമിച്ചുവല്ലോ
തങ്കരുധിരത്താൽ എന്നെ നീ
കഴുകിയല്ലോ(2)
5. നിത്യതയിൽ ഞാനും കണ്ടിടുവാൻ
അന്ത്യത്തോളം എന്നെ കാത്തിടണേ(2)

## സമ്മർ ക്യാമ്പ് 2024

**വാളകം:** സുവിശേഷകൻ ബാലസംഘം വിഭാഗം സെന്ററിന്റെ നേതൃത്തിൽ ആലുവാ വൈ. എം. സി. എ. ക്യാമ്പ് സെന്ററിൽ വെച്ച് 2024 ഏപ്രിൽ 29 മുതൽ മെയ് 1 വരെ. The Amazing Race എന്ന തീം ആസ്പദമാക്കി സമ്മർ ക്യാമ്പ് നടത്തപ്പെടുന്നു. 3 മുതൽ 17 വയസ്സു വരെയുള്ള പ്രായമുള്ളവർക്കും ലീഡേഴ്സിനും പങ്കെടുക്കാവുന്ന ക്യാമ്പിൽ യുവതി യുവാക്കൾക്കും കുട്ടികൾക്കും ലീഡേഴ്സിനും പ്രത്യേകം ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നു.

ബ്രദർ. ബാബു തോമസ് അങ്കമാലി, ജിബി പള്ളിപ്പാട്ട് റെജി കെ. തോമസ് നെല്ല്യാടി, ജോബി ജെയിംസ് പമ്പാവാലി തുടങ്ങിയ അനുഗ്രഹീത ദൈവദാസന്മാർ ക്ലാസ്സുകൾക്കു നേതൃത്വം നൽകുന്നതാണ്.

## VBS പഠന സാമഗ്രികളുടെ വിതരണവും അദ്ധ്യാപക പരിശീലനവും

**പുത്തൻകാവ്:** സുവിശേഷകൻ ബാലസംഘം പുത്തൻകാവ് ഒരുക്കുന്ന VBS 2024, പുത്തൻകാവ് SBS ക്യാമ്പ് സെന്ററിൽ വെച്ച് 2024 മാർച്ച് 22ന് നടത്തപ്പെടുന്നതാണ്. ഹൃദ്യമായ പുതിയ പാട്ടുകൾ, ബൈബിൾ പഠനങ്ങൾ, രസകരമായ ക്രാഫ്റ്റ് വർക്കുകൾ, ഗയിംസ്, മിഷണറി സ്റ്റോറികൾ തുടങ്ങിയവ ചേർത്തിണക്കിയ ഫലപ്രദമായ ക്ലാസ്സുകൾ പ്രത്യേകതയാണ്. VBS പഠന സാമഗ്രികളും അദ്ധ്യാപക പരിശീലനവും സംഘടിപ്പിക്കാൻ താത്പര്യമുള്ളവർ ബന്ധപ്പെടുക. ജോൺസൺ മാടപ്പള്ളി (ജനറൽ സെക്രട്ടറി SBS) 9895727190, സി. എം. ചാക്കോ (VBS കോർഡിനേറ്റർ SBS) 9495033358

**കനിവിന്റെ കരം നീട്ടി ആഘോഷിക്കാം**

ജന്മദിനം, വിവാഹം, വിവാഹ വാർഷികം, കുട്ടിയുടെ ജനനം!

Justin's Home
Sathyam Research Institute & Disability Center

നമ്മുടെ ഭവനങ്ങളിലെ വിശേഷാവസരങ്ങൾ ഇനി ജസ്റ്റിൻസ് ഹോമിലെ നിർധനരും ഭിന്നശേഷിക്കാരുമായ കുട്ടികളോടൊത്ത് ആഘോഷിക്കാം, അവരുടെ മുഖത്തെ പുഞ്ചിരി നിങ്ങളുടെ മനസ്സിന്റെ നന്മ കാരണമാവട്ടെ! നിങ്ങൾക്കായി പ്രാർത്ഥിക്കാൻ ജസ്റ്റിൻസ് ഹോം അംഗങ്ങൾ തയ്യാറാണ്. ഒരു നേരത്തെ ഭക്ഷണം സ്പോൺസർ ചെയ്യുന്നതിന് ബന്ധപ്പെടുക -9947119040

Bank Account Details:
Sathyam Literature Service
South Indian Bank
Thiruvalla
A/c No: 0079073000001076
IFSC : SIBL0000079

mti magazinetraining INTERNATIONAL
In Association with
SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
SUB: DIGITAL MAGAZINE MARKETING
Date:
April 29, - May 01, 2024
Venue:
The United Theological Seminary
Post Box No 4613
63, Miller's Road, Benson Town
Bangalore. 560046
For More Information:
CALL : +917034749000
WWW.SATHYAM.ORG

Sathyam Publications
NEW DELHI
CHRISTIAN BOOK FAIR
UPTO 70% OFF



2024 APRIL 08-14
Venue: Alpha Garden, Opp. B. L. Kapoor Hospital Gate No.1
Rajendra Place Metro Station, Metro Pillar No. 136
Karol Bagh. New Delhi - 110 005
More than 400 Translation of the Bible. Malayalam- English Bible.
English. Hindi Bible. Hindi- Malayalam Study Bible.
Bible commentaries. Bible study books. commentary books.
Biographies. Reference book. Bible Encyclopedia. Song books.
Verseboards. Stickers. Scarf. Keychains.
SATHYAM PUBLICATIONS
WE CARE FOR THE BODY & THE SOUL
ESTD: 1988
SATHYAM PUBLICATIONS
KERALA OFFICE: Thottabhagom P.O.
Thiruvalla - 689 541, Kerala, India
Cell: +91 9447126182, 9446513555
Email: admins@sathyamministry.org

Printed & Published by SAM.C.VADAVANA and Owned by CHACKO VARGHESE VADAVANA and Printed at Sathyam Press, Manackachira, Thottabhagom.P.O., Thiruvalla , District Pathanamthitta, Kerala and published at Thottabhagom, Thiruvalla, Yesvinte Jeevavachanam,Thottabhagom P.O.,Thiruvalla-689541, District-Pathanamthitta, Kerala.
Editor: DR..CHACKO VARGHESE VADAVANA.